## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T3370
## 20.06.2018- ലെ മറുപടിക്ക്

## വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങളുടെ നിരക്ക്

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.ഹൈബി ഈഡൻ എം.എൽ.എ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ നിരക്ക് 01.04.2018 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; | സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവന നിരക്കുകളിൽ 17.03.2018-ലെ സ.ഉ (അച്ചടി) നം. 44/2018/ധന പ്രകാരം 01.04.2018 മുതൽ പ്രാബല്യം നൽകി അഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട് |
| (ബി) | വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | |
| (സി) | പ്രസ്തുത നിരക്ക്, വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; പഴയ നിരക്ക് എത്രയായിരുന്നു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | സർക്കാർ/പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ ചാർജ്ജുകൾ എന്നിവയിൽ അഞ്ച് ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

-3-

**കേരള സർക്കാർ**

**<u>സംഗ്രഹം.</u>**

അധിക വിഭവ സമാഹരണം - സേവന നിരക്കുകൾ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ധനകാര്യ (റവന്യൂ മോണിറ്ററിംഗ് സെൽ) വകുപ്പ്

**സ.ഉ (അച്ചടി) നം. 44/2018/ധന** തീയതി, തിരുവനന്തപുരം, 17/03/2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## <u>ഉത്തരവ്</u>

വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്ക് നിശ്ചിത ഫീസ്/ചാർജ്ജ് ഈടാക്കിവരുന്നുണ്ട്.

2) സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തുമെന്ന് 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു.

3) പ്രസ്തുത സാഹചര്യത്തിൽ സർക്കാർ വകുപ്പുകൾ പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ചാർജ്ജുകൾ എന്നിവയിൽ 01/04/2018 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) നിലവിലെ എല്ലാ നിരക്കുകളിലും അഞ്ച് ശതമാനം വർദ്ധനവ് വരുത്തിയ തുക അഞ്ച് രൂപയുടെ ഗുണിതമായ തുകയല്ലെങ്കിൽ, തൊട്ടടുത്ത അഞ്ചിന്റെ ഗുണിതമായ തുക പുതുക്കിയ നിരക്കായി നിശ്ചയിക്കേണ്ടതാണ്.

5) എല്ലാ സർക്കാർ വകുപ്പുകളും, പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കിയുള്ള പ്രത്യേകം ഉത്തരവ്/നടപടിക്രമം പുറപ്പെടുവിക്കേണ്ടതും, ആയതിന്റെ പകർപ്പ് 31/03/2018 നു മുൻപ് ധനകാര്യ വകുപ്പിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മനോജ് ജോഷി**
**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
5. എല്ലാ വകുപ്പ് മേധാവികൾക്കും
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും / സ്പെഷ്യൽ സെക്രട്ടറിമാർക്കും / അഡീഷണൽ സെക്രട്ടറിമാർക്കും / ജോയിൻറ് സെക്രട്ടറിമാർക്കും / ഡെപ്യൂട്ടി സെക്രട്ടറിമാർക്കും / അണ്ടർ സെക്രട്ടറിമാർക്കും.
7. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
8. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
9. ഗവർണ്ണറുടെ സെക്രട്ടറിക്ക്
10. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
11. ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
12. പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
13. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
14. നോഡൽ ഓഫീസർ, www.finance.kerala.gov.in
15. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ